# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: IX** | **DEPARTMENT: MALAYALAM** | **DATE : 30/04/2023** |
| **Class Note** | **Lesson: അംഗവാക്യം അംഗിവാക്യം** | **Topic: Descriptive** |

## വാക്യം

ഏതെങ്കിലും ഒരു ആശയം പ്രകാശിപ്പിക്കുന്ന പദസമൂഹത്തെ വാക്യം എന്നു പറയുന്നു.

***അംഗിവാക്യം***

പൂർണ്ണമായ അർത്ഥം നൽകിക്കൊണ്ട് സ്വതന്ത്രമായി നിൽക്കുന്ന വാക്യമാണ് അംഗിവാക്യം അഥവാ പ്രധാന വാക്യം. ഇതിൽ കർത്താവും പൂർണ്ണക്രിയയും ഉണ്ടായിരിക്കും.

***അംഗവാക്യം***

പൂർണ്ണമായ അർത്ഥം നൽകാതെ പ്രധാന വാക്യത്തോട് ചേർന്നു നിൽക്കുന്നതാണ് അംഗവാക്യം.

ഉദാ: 1. മഴ പെയ്തപ്പോൾ മരം തളിർത്തു.

അംഗവാക്യം - മഴ പെയ്തപ്പോൾ

അംഗിവാക്യം - മരം തളിർത്തു.

2. ഞാൻ സ്കൂളിലെത്തിയപ്പോൾ അദ്ധ്യാപകൻ ക്ലാസ് തുടങ്ങിയിരുന്നു.

അംഗവാക്യം - ഞാൻ സ്കൂളിലെത്തിയപ്പോൾ

അംഗിവാക്യം - അദ്ധ്യാപകൻ ക്ലാസ് തുടങ്ങിയിരുന്നു.

3. അമ്മ അടിച്ചതുകൊണ്ട് അവൾ വാവിട്ട് കരഞ്ഞു.

അംഗവാക്യം - അമ്മ അടിച്ചതുകൊണ്ട്

അംഗിവാക്യം - അവൾ വാവിട്ട് കരഞ്ഞു.

4. സീത അശോകവനത്തിൽ ദു:ഖിച്ചിരുന്നപ്പോൾ ക്രൂരനും ദുഷ്ടനുമായ രാവണൻ അവിടെയെത്തി.

അംഗവാക്യം - സീത അശോകവനത്തിൽ ദു:ഖിച്ചിരുന്നപ്പോൾ

അംഗിവാക്യം - ക്രൂരനും ദുഷ്ടനുമായ രാവണൻ അവിടെയെത്തി.

5. അമ്പ് ലക്ഷ്യം തെറ്റി പതിച്ചതിനാൽ പാവം മാൻ രക്ഷപ്പെട്ടു.

അംഗവാക്യം - അമ്പ് ലക്ഷ്യം തെറ്റി പതിച്ചതിനാൽ

അംഗിവാക്യം - പാവം മാൻ രക്ഷപ്പെട്ടു.

6. അവൻ വന്നിരുന്നെങ്കിൽ ഞാൻ അവനോട് പറയുമായിരുന്നു.

അംഗവാക്യം - അവൻ വന്നിരുന്നെങ്കിൽ

അംഗിവാക്യം - ഞാൻ അവനോട് പറയുമായിരുന്നു.

***